പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2459

11.10.2011ൽ മറുപടിക്ക്

## നെൽവയൽ-തണ്ണീർത്തട സംരക്ഷണം

ചോദ്യം
ശ്രീ.കെ.മുരളീധരൻ :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വർഷങ്ങൾക്കു മുമ്പ് തന്നെ നികത്തപ്പെട്ടതും ഇതര കൃഷികൾക്കും മറ്റും ഉപയോഗിച്ചു വരുന്നതുമായ നെൽവയൽ പ്രദേശങ്ങളിൽ പാർപ്പിടേതര ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ ഇപ്പോൾ എന്ത് വ്യവസ്ഥയാണുള്ളത് ; | (എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2 (xiv), 10 എന്നിവ പ്രകാരം 'പൊതു ആവശ്യം' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന അപേക്ഷകൾ സംസ്ഥാനതലസമിതിയുടെ പരിഗണനയ്ക്ക് വിധേയമായും സർക്കാരിന്റെ അധികാരം ഉപയോഗിച്ചും നികത്തുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (ബി) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ പരിധിയിൽ നിന്നും മുൻപറഞ്ഞ രീതിയിലുള്ള പ്രദേശങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ;<br><br>(സി) പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നിയമ ഭേദഗതി കൊണ്ടു വരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) & (സി)<br>ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ